**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3019** **18-03-2022 - ൽ മറുപടിയ്ക്ക്**

**കൽപ്പറ്റ മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൽപ്പറ്റ മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഇതുവരെ എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തരിയോട്, മൂപ്പൈനാട്, വൈത്തിരി, പടിഞ്ഞാറത്തറ, വേങ്ങപ്പള്ളി, കണിയാമ്പറ്റ, മുട്ടിൽ എന്നീ ഗ്രാമപഞ്ചായത്തുകളിലായി ഇതുവരെ 3788 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും ഇതിനായി 2021 ഡിസംബർ 31 വരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ജലനിധി ഉൾപ്പെടെ ആകെ അനുവദിച്ച കണക്ഷനുകളുടെ എണ്ണം 4470 ആണ് (ഭരണാനുമതി തുക 963.60 ലക്ഷം). ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത പ്രവർത്തികളെല്ലാം പൂർത്തീകരിച്ചു കഴിഞ്ഞു. ഇതിനായി 2021 ഡിസംബർ 31 വരെ 741.6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൽപ്പറ്റ നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. ജല ജീവൻ രണ്ടാം ഘട്ട പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. ഇതിനു പുറമെ മേപ്പാടി, മൂപ്പൈനാട്, വൈത്തിരി എന്നീ പഞ്ചായത്തുകളിലായി 5953 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള 5684.46 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അനുമതി നല്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പദ്ധതി നിർവ്വഹണം ജില്ലാതലത്തിൽ ഡിസ്ട്രിക്റ്റ് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷൻ നടത്തുകയും, പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു. നിരന്തര അവലോകനത്തിന്റെ ഭാഗമായി പദ്ധതിയുടെ മിഷൻ ഡയറക്ടറായ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും അവലോകന യോഗങ്ങൾ ചേർന്ന് വിലയിരുത്തുന്നുണ്ട്. ഇതുകൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകളും പദ്ധതിയുടെ അവലോകനം |

| | | | |
|---|---|---|---|
| | | | നടത്തുന്നുണ്ട്. ബഹു.മുഖ്യമന്ത്രിയും മുൻഗണനാ പദ്ധതിയിലുൾപ്പെടുത്തി ഈ പദ്ധതിയുടെ പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സ്ഥലലഭ്യത, റോഡ് കട്ടിംഗ് തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച പ്രശ്നങ്ങൾക്ക് യഥാസമയം പരിഹാരം കാണുന്നതിനായി അടിയന്തിരനടപടികൾ സ്വീകരിക്കുന്നുണ്ട്. മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രസ്തുത വകുപ്പുകളുമായി ചർച്ച ചെയ്ത് കാലതാമസം കൂടാതെ അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | വയനാട് ജില്ലയിലെ അർബൻ മേഖലകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | ഉണ്ട്. അമൃത് 2.0 വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ